PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Thursday, the 23rd October, 1969

Vol. XXV] **OFFICIAL REPORT** **[No. 30**

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at nine of the clock on Thursday, the 23rd October, 1969, with Mr. Speaker in the Chair.

ശ്രീ. ടി. എ. മജീദ്: ഒരു പ്രിവിലേജു മോഷൻ തന്നിരുന്നു. അതേക്കുറിച്ച് അങ്ങയുടെ റൂളിംഗ് എന്താണ് ? അങ്ങയുടെ പേരിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിന് നോട്ടീസ് സ് തന്നിരുന്നത് പിൻവലിച്ചു എന്നു പറഞ്ഞു. എന്നാൽ അങ്ങയുടെ പേരിൽ ഒട്ടേറെ ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. അത് ഈ സഭയെ ബാധിക്കുന്ന പ്രശ് നമാണ് ; സഭയുടെ അവകാശത്തെ ബാധിക്കുന്ന പ്രശ്നമാണ്. സഭാ നേതാവ് പറഞ്ഞതുകൊണ്ടാണ് അവിശ്വാസപ്രമേയം പിൻവലിച്ചിരിക്കുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങയെക്കുറിച്ച് ഉന്നയിച്ച ആരോപണങ്ങളെല്ലാം ഞങ്ങൾക്ക് കിട്ടിയിട്ടുള്ളതാണ്. അതേക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം എന്താണെന്നു അറിയണം.

മി. സ്പീക്കർ: എന്നെക്കൂടി സ്പർശിക്കുന്ന കാര്യമായതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരിക്കുമ്പോൾ ആ കാര്യം എടുക്കാം.

ശ്രീ. എം. എം. തോമസ്: മൂന്നാം തീയതിയിലെ അസംബ്ളി നടപടിയെപ്പറ്റിയുള്ള തെറ്റായ റിപ്പോർട്ട് 'തൊഴിലാളി' പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് ഞാൻ ഒരു അവകാശലംഘനപ്രമേയം കൊടുത്തിരുന്നു. അതെന്തായി എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I will look into it.

MOTION UNDER RULES 128 AND 252

DISCUSSION ON THE STATEMENT OF THE CHIEF MINISTER

ശ്രീ. കെ. എം. മാണി: സർ, കഴിഞ്ഞ 17-ാം തീയതി മുഖ്യമന്ത്രി ഈ നിയമസഭയിൽ ചെയ്ത പ്രസ്താവന അവഗാഢമായി ഞങ്ങൾ പരിശോധിക്കുകയുണ്ടായി. ആ പരിശോധനയെ സംബന്ധിച്ച് പറയുമ്പോൾ അത് രാഷ്ട്രീയമായ വഞ്ചനയുടെയും നെറികേടിന്റെയും സാക്ഷിപത്രമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 20 പേജുകളിലായി ഏറ്റവും വലിയ അറബിക്കഥയാണ് ആ പ്രസ്താവനയിൽകൂടി